ശ്രീ. കെ. എം. ജോർജ്ജ്: കോതമംഗലത്തു് പുഴലിക്കാറുണ്ടായതിന്റെ ഫലമായി വലിയ നഷ്ടം സംഭവിച്ചിട്ടുണ്ടു്. അതിനെന്തെങ്കിലും മുഖ്യമന്ത്രിയുടെ റിലീഫ് ഫണ്ടിൽനിന്നും സഹായം കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു സഹായമാണു ചെയ്തിട്ടുള്ളതു്?

ശ്രീ. ആർ. ശങ്കർ: ദുരിതാശ്വാസഫണ്ടിൽനിന്നു അങ്ങനെയുള്ള കാര്യങ്ങൾക്കു് വലിയ സഹായംചെയ്യുവാൻ വ്യവസ്ഥയില്ല.

ശ്രീ. എം. എം. മത്തായി: എന്തുമാനദണ്ഡംവച്ചുകൊണ്ടാണു് ഈ സഹായം നൽകിയിട്ടുള്ളതെന്നു പറയാമോ? ആരാണിതു നിശ്ചയിക്കുന്നതെന്നു പറയാമോ;

ശ്രീ. ആർ. ശങ്കർ: അതിനൊരു കമ്മിറ്റിയുണ്ടു്. ആദ്യം ഇതേ സംബന്ധിച്ചു അപേക്ഷകളാണു ലഭിക്കുന്നതു് കളക്ടർക്കാണു്. കളക്ടർ അതിനെ സംബന്ധിച്ചു അന്വേഷിച്ചു് നഷ്ടം സംഭവിച്ചിട്ടുള്ളതിനെ പരിഗണിച്ചു് ഒരുതുക ശുപാർശ ചെയ്യും. പിന്നീടതു് ഫിനാൻസ് സെക്രട്ടറി സംക്രട്ടിനൈസ് ചെയ്യും. അതിനുശേഷമാണു് ഈ സഹായം നൽകുന്നതു്.

വ്യവസായാവശ്യങ്ങൾക്കു് സ്ഥലം എടുക്കുമ്പോൾ ഒഴിഞ്ഞുപോകേണ്ടി വരുന്നവർക്കു പുനരധിവാസത്തിനുള്ള പദ്ധതി

* 420. [4] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായാവശ്യങ്ങൾക്കു് സ്ഥലം എടുക്കുമ്പോൾ ഒഴിഞ്ഞുപോകേണ്ടിവരുന്നവർക്കു പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതി ഗവണ്മെന്റിനുണ്ടോ;

(ബി) എറണാകുളം ജില്ലയിൽ വ്യവസായവശ്യത്തിനു എടുക്കുന്ന സ്ഥലത്തിനു നിശ്ചയിക്കുന്നവിലകൊണ്ടു് ഒഴിഞ്ഞുകൊടുക്കുന്ന ഭൂമിയുടെ നാലിലൊന്നുപോലും അതിന്റെ സമീപത്തു വാങ്ങാൻ സാധിക്കുന്നില്ലെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താമസസ്ഥലം എടുത്തുപോകുന്നവരുടെ കൃഷിഭൂമികളിൽ കൃഷിയിറക്കാൻ സമീപത്തു താമസിക്കാതെ നിവ്വാഹമില്ലാത്തതിനെ പരിഗണിച്ചു സമീപത്തുതന്നെ അങ്ങനെയുള്ളവർക്കു സ്ഥലം വിലയ്ക്കെടുത്തുകൊടുക്കുവാൻ ഗവണ്മെന്റു തയാറാകുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ): (എ) വ്യവസായാവശ്യങ്ങൾക്കു് സ്ഥലം എടുക്കുമ്പോൾ ഒഴിഞ്ഞുപോകേണ്ടി വരുന്നവർക്കു് പുനരധിവാസത്തിനായി പ്രത്യേക പദ്ധതികളൊന്നും ഗവണ്മെന്റിനില്ല. അങ്ങനെ ഒഴിഞ്ഞുപോകേണ്ടി വരുന്നവർക്കു് പ്രതിഫലം നൽകിയാണു് ഒഴിപ്പിക്കുന്നതു്. ഒഴിപ്പിക്കപ്പെടുന്ന ഭൂരഹിതരായ കുടികിടപ്പുകാർക്കു് പുനരധിവാസ സൗകര്യം ഉണ്ടാക്കി കൊടുക്കാറുണ്ടു്.

(ബി) സ്ഥലം പൊന്നും വിലയ്ക്കു എടുക്കുമ്പോൾ ഉടമസ്ഥർക്കു് മര്യാദമാക്കറ്റുവില കൊടുക്കുന്നുണ്ടു്. സമീപത്തുള്ള വസ്തുക്കളുടെ നിരക്കു വിലയാണു് സാമാന്യമായി ഒരു മാനദണ്ഡമായി എടുക്കുന്നതു്. നിശ്ചിത വില ഉടമസ്ഥനു തൃപ്തികരമല്ലെന്നുവരികിൽ കോടതി മുഖേന പരിഹാരം നേടാൻ വ്യവസ്ഥയുണ്ടു്.

(സി) സ്ഥലം പൊന്നുംവിലയ്ക്കു എടുക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്നവർ മറ്റു ഭൂമികൾ ഉള്ളവരാണെങ്കിൽ അവരുടെ താമസസൗകര്യങ്ങൾ അവർതന്നെ നോക്കേണ്ടതാണു്. മറ്റു ഭൂമിയില്ലാത്തവർക്കു മാത്രമെ കുടിപാർപ്പിനുള്ള സ്ഥലം എടുത്തു കൊടുക്കാൻ ഏർപ്പാടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ഒ. ബാവാ: സർ, വ്യവസായങ്ങൾക്കു് സ്ഥലം പൊന്നും വിലയ്ക്കു് എടുക്കുമ്പോൾ അതിനിടയ്ക്കുള്ള കൃഷിസ്ഥലം എടുക്കാത്തതുകൊണ്ടു് ആ സ്ഥലത്തു് കൃഷിചെയ്യുവാൻ കൃഷിക്കാർക്കു് സൗകര്യമില്ലാതെയും, അതു വിറ്റാൽ ശരിയായ വില ലഭിക്കാതെയും വരുന്നുണ്ടു്. അതുകൊണ്ടു് അങ്ങനെയുള്ള കൃഷിഭൂമികൂടി അക്വയർ ചെയ്യാനുള്ള നടപടി എടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: സ്ഥലമെടുക്കുന്നതു് വ്യവസായത്തിനു ആവശ്യമായ സ്ഥലം ഏതെന്നു നോക്കിയാണു്. അങ്ങനെ സ്ഥലം എടുക്കുമ്പോൾ അതിന്റെ ഇടയ്ക്കുള്ള കൃഷിഭൂമി വ്യവസായാവശ്യത്തിനു് ഉപകരിക്കുകയില്ലെന്നു വന്നാൽ അതെടുക്കുവാൻ പ്രയാസമാണു്.

ശ്രീ. കെ. സി. ഏബ്രഹാം : ഇപ്പോഴെല്ലാം ഇറക്കിവിടുന്ന കുടികിടപ്പുകാർ വഴിയാധാരമായി കഴിഞ്ഞുകൊള്ളട്ടെ എന്നാണോ ഗവണ്മെന്റു നിശ്ചയിച്ചിരിക്കുന്നതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതാണു ഞാൻ പറഞ്ഞതു്. മറ്റൊരു വീടെന്നുമില്ലാത്ത കുടികിടപ്പുകാരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യും.

ശ്രീ. കെ. എം. ജോർജ് : വ്യവസായാവശ്യങ്ങൾക്കായി എറണാകുളം ആലുവാ ബൽറ്റിൽപ്പെട്ട പ്രദേശങ്ങളിൽനിന്നും കുടിയിറക്കപ്പെടുന്നവർക്കു് വളരെ വൈഷമ്യം നേരിടുന്നതുകൊണ്ടു് ഏതെങ്കിലും സൗകര്യമുള്ള ഭാഗത്തു് ഗവണ്മെന്റു് സ്ഥലം നീക്കിവച്ചോ, അല്ലെങ്കിൽ സ്ഥലം അക്വയർചെയ്തോ ഒരു കോളനൈസേഷൻ പരിപാടിക്കു് മുൻകൂട്ടി ഗവണ്മെന്റു നടപടിയെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഉണ്ടു്. പക്ഷേ ഇതിന്റെ പ്രയാസംകൂടി ബഹുമാനപ്പെട്ട അംഗങ്ങന്മാർ മനസ്സിലാക്കുന്നതു നന്നായിരിക്കും. ഒന്നാമതായി ഏതെങ്കിലും ഒരു വ്യവസായത്തിനുവേണ്ടി സ്ഥലമെടുക്കുമ്പോൾ അവിടെനിന്നും ഒഴിഞ്ഞുപോകേണ്ടവർക്കു വളരെ ദൂരെയുള്ള സ്ഥലത്തു് താമസത്തിനു സൗകര്യമുണ്ടാക്കിക്കൊടുത്താൽ അവർക്കതൊന്നെയും തൃപ്തികരമായിരിക്കുകയില്ല. വ്യവസായസ്ഥാപനങ്ങൾക്കടുത്തുതന്നെ താമസിച്ചാലേ ജോലിക്കുള്ള സൗകര്യം ഉണ്ടാവുകയുള്ളു. പിന്നെ ഒരാളിനെ പുനരധിവസിപ്പിക്കാൻ മറ്റൊരാളിനെ ഒഴിപ്പിക്കണമെന്നുവന്നാൽ ആ ആളിനു ബുദ്ധിമുട്ടു നേരിടും. അതുകൊണ്ടു് ഒരു എളുപ്പമായി സാധിക്കാവുന്ന ഒരു കാര്യമല്ല ഇതു്. ഇതിനെപ്പറ്റി പരിഗണിച്ചു് സൗകര്യമുള്ളിടത്തോളം ഇവരെ താമസിപ്പിക്കാനുള്ള പദ്ധതികൾ ഗവണ്മെന്റു് ആസൂത്രണംചെയ്യുവരികയാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇത്തരത്തിൽ പുറംപോക്കുകളിൽ താമസിക്കുന്ന ഹരിജനങ്ങളെ ഒഴിപ്പിക്കുമ്പോൾ അവർക്കു താമസത്തിനു വേറെ സൗകര്യം കൊടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഗവണ്മെന്റു ഭൂമികളിൽ താമസിക്കുന്നവർ ഒഴിഞ്ഞുപോകുമ്പോൾ ഒരു തോതനുസരിച്ചുള്ള പ്രതിഫലം കൊടുക്കുന്നുണ്ടു്. അതിവിടേയും ബാധകമാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഏ–യ്ക്കു് ഉത്തരമായി ഏതെങ്കിലും വിധത്തിൽ യോജിച്ചുതീരുകയോ അല്ലെങ്കിൽ നിയമപരമായ നടപടി എടുക്കുകയോ ചെയ്യാമെന്നു പറഞ്ഞു. നിയമപരമായ നിലയിൽ കുടികിടക്കുന്ന സ്ഥലങ്ങൾക്കു് കിട്ടുന്ന വിലകൊണ്ടുമാത്രം മറ്റൊരു സ്ഥലം വാങ്ങുന്നതിനു് സാധിക്കാതെ വരുന്നതുകൊണ്ടു് ഒരു തീരുമാനം എന്ന നിലയിൽ വ്യവസായസ്ഥാപനങ്ങൾക്കു് സ്ഥലമെടുക്കുമ്പോൾ, അടുത്തുതന്നെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ തീരുമാനം എടുക്കാൻ പ്രയാസമുണ്ട്. കഴിയുന്നിടത്തോളം അങ്ങനെയുള്ള സൗകര്യം കൊടുക്കാൻ ഗവണ്മെൻറ് നോക്കുന്നുണ്ട്. അവർക്ക് ജോലി കൊടുക്കുന്ന കാര്യത്തിൽ മുൻഗണന കൊടുക്കണമെന്ന ആ വ്യവസായ ഉടമകൾക്ക് നിർദ്ദേശം കൊടുക്കുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വ്യവസായാവശ്യത്തിന സ്ഥലമെടുക്കുന്നതോടൊപ്പം അതിൻെറ ഭാഗമായി ഇത്തരം ആളുകളുടെ താമസത്തിനുകൂടി സ്ഥലമെടുക്കുകയാണെങ്കിൽ ഈ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ കഴിയും. എച്ച്. എം. ടി.-യുടേയും ഓയിൽ റിഫൈനറിയുടേയും കാര്യത്തിൽ അങ്ങനെയുള്ള പുനരധിവാസസൗകര്യം ചെയ്തിട്ടില്ലെന്നാണ് ഇന്നലെ മന്ത്രി പറഞ്ഞത്.

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിനെപ്പറ്റി പരിഗണിക്കാമെന്നു പറഞ്ഞു. ഇപ്പോഴും ചെയ്യുകഴിഞ്ഞിട്ടില്ല. അതിലുള്ള പ്രയാസങ്ങളും മുണ്ടിക്കാണിച്ചു എന്നേയുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി : വ്യവസായങ്ങൾക്കു സ്ഥലമെടുക്കുമ്പോഴും, ഒഴിപ്പിക്കപ്പെടുന്നവർക്കു അവിടെ ജോലി കൊടുക്കുമെന്നു പറഞ്ഞു. ഉദാഹരണമായി പറയുകയാണെങ്കിൽ, പള്ളിപ്പുറത്തു നടത്തുന്ന മണൽ ഇഷ്ടിക ഫാക്ടറിയിൽ ഇന്നവരെ അവർക്ക് ജോലി കൊടുത്തിട്ടില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ ആർക്കും ജോലി കൊടുത്തിട്ടില്ലെന്ന് അറിവില്ല. ജോലിയുടെ സൗകര്യം അനുസരിച്ചേ ജോലി കൊടുക്കാൻ നിവൃത്തിയുള്ളൂ.

നാവിക തൊഴിലാളികളെ സംബന്ധിച്ച അന്വേഷണക്കമ്മിറ്റി റിപ്പോർട്ട്

* 421. [5] ശ്രീ. ആർ. സുഗതൻ †: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ കേവുവഞ്ചിത്തൊഴിലാളികളുടെ (നാവിക തൊഴിലാളികളുടെ) വിവരങ്ങൾ അന്വേഷിക്കാൻ കഴിഞ്ഞ കമ്മീഷണിസ്റ്റ് പാർട്ടിസക്കാരിൻെറ കാലത്തു് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ആ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഇതുവരെ പ്രൊസീഡിംഗ്സ് പാസ്സാക്കാത്തതെന്തുകൊണ്ടാണ് ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 1-10-1957-ൽ ഒരു മിനിമം വേജസ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടായിരുന്നു.

(ബി) ആ കമ്മിറ്റിയുടെ റിപ്പോർട്ട് മിനിമം വേജസ് അഡ്വൈസറിബോർഡ് പരിശോധിച്ചതിൽ നാവികത്തൊഴിലാളികളായുള്ള എല്ലാത്തരം തൊഴിലാളികൾക്കും കൂലി നിജപ്പെടുത്തുന്ന സംഗതി അപ്രായോഗികമെന്നു കണ്ടതുകൊണ്ടും അവരുടെ കൂലിനിരക്കു ക്രമീകരിക്കുന്നതിനുവേണ്ടി വ്യവസായബന്ധക്കമ്മിറ്റികൾ പ്രാദേശികാടിസ്ഥാനത്തിൽ രൂപീകരിക്കണമെന്നു തീരുമാനിച്ചതുകൊണ്ടും കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടി എടുത്തില്ല.

ശ്രീ. എസ്. കുമാരൻ : അപ്രായോഗികമാണെന്നു പറയാനുള്ള കാരണം റിപ്പോർട്ടിൽ മുണ്ടിക്കാണിച്ചിട്ടുണ്ടോ ?

† Put by Shri E. P. Gopalan.

LIBRARY ARCHIVES Kerala Legislative Assembly